## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3810 — 25.06.2013 ലെ മറുപടിയ്ക്ക്

## അനധികൃത ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കെ. ജയചന്ദ്രൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ഭാഗ്യക്കുറി വകുപ്പിൽ അനധികൃത ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെ നടപടികൾ യഥാസമയം സ്വീകരിക്കുന്നതിനായി വിജിലൻസ് സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | ഇതു സംബന്ധിച്ച ഭാഗ്യക്കുറി വകുപ്പിന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | അനധികൃത ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെ കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | കഴിഞ്ഞ വർഷം 36 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | അന്യസംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന സംസ്ഥാനത്ത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം നൽകാമോ ? | (സി) | അന്യസംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന സംസ്ഥാനത്ത് തടയുന്നതിനായി പോലീസ്, വാണിജ്യ നികുതി, ഭാഗ്യക്കുറി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വകുപ്പ് തലത്തിലും കൂട്ടായ നടപടികളിലൂടെയും അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും, ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്-ന്റെ നേതൃത്വത്തിലുള്ള സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും, അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ജില്ലാ മോണിറ്ററിംഗ് സെല്ലുകളും, ഈ നിയമനടപടികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.